മലപ്പുറം നഗരസഭ

പതിനാലാം പഞ്ചവത്സര പദ്ധതി 2022 – 27

# സ്റ്റാറ്റസ് റിപ്പോർട്ട്

# 2026-27


പൂക്കോട്ടൂർ
പഞ്ചായത്ത്
കോഴിക്കോട്
N
മോറയൂർ
പഞ്ചായത്ത്
ആനക്കയം
പഞ്ചായത്ത്
ഊരകം
പഞ്ചായത്ത്
മഞ്ചേരി
പരപ്പനങ്ങാടി
ഒതുക്കുങ്ങൽ
ഒതുക്കുങ്ങൽ
പഞ്ചായത്ത്
കൂട്ടിലങ്ങാടി
പഞ്ചായത്ത്
തിരൂർ
പാലക്കാട്
പൊന്മള
പഞ്ചായത്ത്
കോഡൂർ
പഞ്ചായത്ത്
കുറുവ
പഞ്ചായത്ത്
INDEX
National Highway
State/Pwd Road
Municipal Road
Ward Boundary
Major Junctions
PS-14 Polling Stations
Municipal Office
Schools
College
Bus Station / Bay
Police Station
Civil Station
MSP Cantonment Area
S.W Treatment Plant
Masjid
Temple
Church
Kottakkunnu Hilltop
Industries
Hospitals
River
Canal
Fire Station
Stadium
Ward Number
A

# ആമുഖം

നിരവധി ചരിത്ര മുഹൂർത്തങ്ങൾക്ക് സാക്ഷ്യം വഹിച്ച മണ്ണാണ് മലപ്പുറത്തിന്റേത്. സ്വാതന്ത്ര്യത്തിന് വേണ്ടി ജീവൻ വെടിഞ്ഞ ധീര ദേശാഭിമാനികളുടെ ഓർമ്മകൾ അയവിയറക്കുന്ന നാടാണ് മലപ്പുറം. മാനവ സ്നേഹം കൈമുതലാക്കിയ ഒരു പറ്റം ജനതയുടെ ശിരാകേന്ദ്രമാണ് മലപ്പുറം. 33.6 ചതുരശ്ര കിലോമീറ്റർ വിസ്തീർണ്ണമുള്ള മലപ്പുറം നഗരസഭ 40 വാർഡുകളിലായി വ്യാപിച്ചു കിടക്കുന്നു. 2011ലെ സെൻസസ് പ്രകാരം ആകെ ജനസംഖ്യ 68,088 ആണ്. ഇത് 2001ൽ 58491 ആയിരുന്നു, 1970 ഏപ്രിൽ 01.ാം തീയതിയാണ് കേവലം സി ഗ്രേഡ് പഞ്ചായത്തായിരുന്ന മലപ്പുറത്തെ മുനിസിപ്പാലിറ്റിയായി അപ്പർ ഗ്രേഡ് ചെയ്തത്. ആദ്യം 18 വാർഡും, 1979ൽ 24 വാർഡും, 2001ൽ 31 വാർഡും, 2005ൽ 37 വാർഡുകളായും, 2010ൽ 40 വാർഡുകളായും വിഭജിക്കപ്പെട്ടു.

വരുമാനത്തിന്റെ കാര്യത്തിൽ ജില്ലയിൽ തന്നെ മലപ്പുറം നഗരസഭ പിന്നോക്കമാണെന്ന് പറയാം. ഇതിന് ഭൂപ്രകൃതിയും വളരെയധികം വിഘാതമായി നിൽക്കുന്നു. കൂടാതെ നഗരത്തിന്റെ സിരാകേന്ദ്രങ്ങളെല്ലാം സംസ്ഥാന കേന്ദ്ര സർക്കാരുകളുടെ കൈവശത്തിലാണ്. കലക്ട്രേറ്റ്, എം.എസ്.പി. ക്യാമ്പ്, സർക്കാർ സ്കൂളുകൾ, പോലീസ് സ്റ്റേഷൻ, താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ആശുപത്രി, രജിസ്ട്രാർ ഓഫീസ്, എന്നിവ ഇതിൽ ഉൾപ്പെടുന്നു. സർക്കാർ ഓഫീസുകളിൽ നിന്നും, സ്ഥാപനങ്ങളിൽ നിന്നും ഏതാനും കെട്ടിടങ്ങളിൽ നിന്നും ലഭിക്കുന്ന വാടകയും മാത്രമാണ് വരുമാന സ്രോതസ്സുകൾ. പരിമിതിക്കൾക്കുള്ളിൽ നിന്നു കൊണ്ടു തന്നെ അവിശ്വസനീയമായ മാറ്റങ്ങൾ ഉൾക്കൊള്ളാൻ സാധിച്ചത് ഉറ്റമറ്റ പ്ലാനിങ്ങും, നിശ്ചയദാർഢ്യവുമാണെന്ന് പറയാതെ വയ്യ.

1996ൽ ജനകീയാസൂത്രണ പ്രസ്ഥാനം ആരംഭിച്ചതു മുതൽ കേരളത്തിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ഒരു പുത്തൻ ഉണർവ് വന്നു. ഇതിൽ മലപ്പുറം നഗരസഭയും അതിന്റേതായ പങ്കു വഹിച്ചു.

വൈദേശിക ആധിപത്യത്തിനെതിരിൽ പടപൊരുതി വീരമൃത്യുവരിച്ചവരിൽ സമരനായകന്മാരായ വാരിയൻകുന്നത്ത് കുഞ്ഞഹമ്മദ് ഹാജിയും, കുഞ്ഞി തങ്ങളും ഉൾപ്പെടുന്നു. നിരന്തരമായ അടിച്ചമർത്തലിന്റേയും, ബ്രിട്ടീഷുകാരോടുള്ള നിസ്സഹകരണത്തിന്റേയും കാരണമായി വിദ്യാഭ്യാസപരമായും, സാമ്പത്തികമായും വളരെ പിന്നോക്കാവസ്ഥയിലായി. മുഖ്യ തൊഴിൽ കാർഷികവൃത്തിയായിരുന്നു. ഉൽപ്പാദന മേഖലയിലെ വർദ്ധനവും, പരമ്പരാഗത രീതിയും ഈ മേഖലയിൽ വലിയ പരാജയങ്ങൾ നേരിട്ടു. അധ്വാനശീലരായിരുന്നുവെങ്കിലും മതിയായ കൂലിയും, വരുമാനവും കിട്ടാതെ വല്ലാതെ വലഞ്ഞു. ഇക്കാലത്തായിരുന്നു ഗൾഫിന്റെ അരങ്ങേറ്റം. രണ്ടും കൽപ്പിച്ച് ജീവൻ പണയംവെച്ചു കൊണ്ട് സ്വർണ്ണം വിളയും അറബി നാട്ടിലേക്ക് തങ്ങളുടെ സ്വപ്നങ്ങളെ പൂവണിയിക്കാൻ ചരക്കു കപ്പലിലും, പായകപ്പലുകളിലുമടക്കം യാത്രയായി. അവരിൽ രക്ഷപ്പെട്ടവരും സ്പനങ്ങളെ ബാക്കിയാക്കി ജീവൻ വെടിഞ്ഞവരുമുണ്ടായിരുന്നു. പിന്നീടുള്ള മലപ്പുറത്തിന്റെ യാത്ര മറ്റു ജില്ലക്കൊപ്പം ഉയർച്ചയിലേക്ക് കുതിച്ചു. അവരുടെ കഠിനാധ്വാനത്തിന്റെ ഭാഗമായി സാമ്പത്തിക നേട്ടമുണ്ടായി. കൂരയും, കുടിലുമൊഴിവാക്കി ചില്ലു കൊട്ടാരങ്ങൾ ഉയർന്നു. അന്തിയുറങ്ങാൻ ഇടമില്ലാത്തവർക്ക് പൂമെത്തകൾ കൂട്ടായി. കൂടാതെ ഞങ്ങൾക്ക് നേടാൻ കഴിയാത്ത വിദ്യാഭ്യാസം തന്റെ മക്കൾക്ക് നൽകുവാൻ തയ്യാറായി. ഇന്ന് വിദ്യാഭ്യാസത്തിൽ മലപ്പുറത്തിന്റെ സ്ഥാനം സംസ്ഥാന തലസ്ഥാനമായ തിരുവനന്തപുരത്തിന് തൊട്ടു താഴെയാണെന്ന് പറയപ്പെടുന്നു. ഇക്കാര്യത്തിൽ ഗൾഫിന്റെ സ്വാധീനം ഒട്ടൊന്നുമല്ല പങ്കു വഹിച്ചിട്ടുള്ളത്. സാമൂഹിക, സാംസ്ക്കാരിക രംഗങ്ങളിലും ജില്ല മുൻ പന്തിയിലാണ്. നിരാശ്രയരേയും, നിരാലംഭരേയും സഹായിക്കുന്നതിലും, സന്തോഷിപ്പിക്കുന്നതും ജീവിത ധർമ്മമായി കരുതുന്നതിൽ ഇവിടുത്തെ ജനങ്ങൾ വളരെയേറെ മുന്നിലാണ്.

ആത്യന്തികമായി പറഞ്ഞാൽ 1996ലെ സ്ഥിതിയും ഇന്നത്തെ സ്ഥിതിയും വളരെയേറെ അന്തരമുണ്ട്. സമഗ്ര മേഖലകളിലും മാറ്റത്തിന്റെ കാറ്റ്വീശിയിട്ടുണ്ട്. ഇതിന് ഹേതുവായത് ജനകീയാസൂത്രണ പ്രസ്ഥാനം തന്നെയാണെന്ന് പറയാതെ വയ്യ. പുതുതായി കേരള സർക്കാർ നടപ്പാക്കുന്ന കെ സ്മാർട്ട് പദ്ധതിയുടെ പ്രവർത്തനം സജീവമാകുമ്പോൾ പൊതു ജനങ്ങൾക്ക് ഏറെ പ്രയോജനപ്പെടുമെന്ന് കരുതുന്നു. എന്നാൽ പൊതുജനങ്ങൾക്ക് പ്രസ്തുത ആപ്പ് ഉപയോഗിക്കുന്നതിന് വ്യാപകമായ പരിശീലനം നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും അവബോധം സൃഷ്ടിക്കാനുള്ള വേദികളൊരുക്കുകയും ചെയ്യേണ്ടതായിട്ടുണ്ട്.

**അഡ്വ. റിനിഷ**
**ചെയർപേഴ്സൺ,**
**മലപ്പുറം നഗരസഭ**

# തദ്ദേശഭരണ സ്ഥാപനത്തിന്റെ വികസന സ്ഥിതി വിശേഷം

## *പൊതു വിവരങ്ങൾ*

| | |
|---|---|
| സ്ഥാപിതം | - 1970 ഏപ്രിൽ 1 |
| ഗ്രേഡ് | - ഫസ്റ്റ് |
| നഗരസഭയിൽ ഉൾപ്പെടുന്ന വില്ലേജുകൾ | - മലപ്പുറം, മേൽമുറി, പാണക്കാട് |
| താലൂക്ക് | - ഏറനാട് |
| ജില്ല | - മലപ്പുറം |
| ലോക്സഭാമണ്ഡലം | - മലപ്പുറം |
| വിസ്തീർണ്ണം | - 33.6.ച.കീ.മി |
| വാർഡുകൾ | - 45 |

**ജനസംഖ്യ**

| | |
|---|---|
| സ്ത്രീ | - 35112 |
| പുരുഷൻ | - 32976 |
| ആകെ | - 68088 |

**പട്ടികജാതി**

| | |
|---|---|
| സ്ത്രീ | - 1483 |
| പുരുഷൻ | - 1424 |
| ആകെ | - 2907 |

**പട്ടികവർഗ്ഗം** - ഇല്ല

**അതിരുകൾ**

| | |
|---|---|
| കിഴക്ക് | - കൂട്ടിലങ്ങാടി ഗ്രാമപഞ്ചായത്ത് |
| പടിഞ്ഞാറ് | - ഊരകം ഗ്രാമപഞ്ചായത്ത് |
| തെക്ക് | - കുറുവ, കോഡൂർ ഗ്രാമപഞ്ചായത്തുകൾ |
| വടക്ക് | -പൂക്കോട്ടൂർ,ആനക്കയംഗ്രാമപഞ്ചായത്തുകൾ |

# ഉള്ളടക്കം

## വികസന മേഖലകൾ


1. **പൊതു ഭരണവും ധനകാര്യവും**
(കണക്കുകൾ,രേഖകൾ, എന്നിവ തയ്യാറാക്കൽ, ഇ-ഗവേണൻസ്, തനതു വരുമാന വർദ്ധനവ്, വികസന മാസ്റ്റർ പ്ലാൻ തയ്യാറാക്കൽ, സേവന പ്രദാനം മെച്ചപ്പെടുത്തൽ, സദ്ഭരണം)

2. **കൃഷി**
(ഉത്പന്ന സംഭരണവും, സംസ്കരണ വിപണനവും ഉൾപ്പെടെ, മത്സ്യബന്ധനം, തൊഴിലുറപ്പ് പദ്ധതി, മണ്ണ്-ജല സംരക്ഷണം, പരിസ്ഥിതി സംരക്ഷണം മുതലായവ)

3. **മൃഗസംരക്ഷണവും, ക്ഷീരവികസനവും**

4. **പ്രാദേശിക സാമ്പത്തിക വികസനം**
(ചെറുകിട വ്യവസായം, കുടുംബശ്രീ , സൂക്ഷ്മ സംരംഭങ്ങൾ ഉൾപ്പടെ)

5. **ദാരിദ്ര്യ ലഘൂകരണം**

6. **സാമൂഹ്യനീതി**
(ഭിന്നശേഷിയുള്ളവർ, വൃദ്ധർ, കുട്ടികൾ, ഭിന്നലിംഗ വിഭാഗം മുതലായവ)

7. **ജെൻഡർ വികസനവും കുട്ടികളുടെ വികസനവും**

8 **പട്ടികജാതി വികസനം/പട്ടിക വർഗ വികസനം**

9. **ആരോഗ്യം -**
(അലോപ്പതിയും ഹോമിയോപ്പതിയും ആയുർവേദവും)

10 **ശുചിത്വം**

11 **വിദ്യാഭ്യാസം, കലയും സംസ്കാരവും, യുവജനകാര്യം**

12 **കുടിവെള്ളം**

13 **പാർപ്പിടം**

14 **പൊതുമരാമത്ത്**
(വൈദ്യുതിയും ഊർജ്ജവും ഉൾപ്പെടെ)

15 **നഗരാസൂത്രണം**

16 **ജൈവ വൈവിധ്യ മാനേജ്മെന്റ് കലാവസ്ഥ വിയതിയാനം പരിസ്ഥിതി സംരക്ഷണം**
**ദുരന്ത നിവാരണം**

## അദ്ധ്യായങ്ങൾ

1. നിലവിലുള്ള അവസ്ഥ

2. വികസനത്തിലെ നിലവിലുള്ള വിടവുകൾ, പ്രധാന വെല്ലുവിളികൾ, പ്രശ്നങ്ങളും കാരണങ്ങളും പരിഹാര മാർക്ഷങ്ങളും കണ്ടെത്തുന്നതിനുള്ള പ്രശ്ന വിശകലനം

3. 2026-27 ലെ വികസന ലക്ഷ്യങ്ങളും അവ കൈവരിക്കുന്നതിനുള്ള തന്ത്രങ്ങളും

4. സംയോജന സാധ്യതകൾ

## വർക്കിംഗ് ഗ്രൂപ്പ് 2026-27

## ആസൂത്രണ സമിതി

| ക്രമ നം. | പേര് | സ്ഥാനം | ഫോൺ നം. | വാർഡ് |
|---|---|---|---|---|
| 1 | Adv. റിനിഷ വി | അദ്ധ്യക്ഷ | 9946645060 | നഗരസഭ ചെയർപേഴ്സൺ |
| 2 | പി കെ ബാവ | ഉപാധ്യക്ഷൻ | 9656444447 | സാമൂഹ്യപ്രവർത്തകൻ |
| 3 | ജിതേഷ് ജി അനിൽ | അംഗം | 7012773453 | ഡെപ്യൂട്ടി ചെയർപേഴ്സൺ |
| 4 | മറിയുമ്മ ഷെരീഫ് കെ | അംഗം | 9995235700 | ചെയർപേഴ്സൺ, വികസനകാര്യം |
| 5 | പരി അബ്ദുൽ മജീദ് | അംഗം | 9288000066 | ചെയർപേഴ്സൺ, ക്ഷേമകാര്യം |
| 6 | സമീറ മുസ്തഫ | അംഗം | 9544000313 | ചെയർപേഴ്സൺ, ആരോഗ്യം |
| 7 | ഹാരിസ് ആമിയൻ | അംഗം | 9447516248 | ചെയർപേഴ്സൺ, പൊതുമരാമത്ത് |
| 8 | ആബിദ എട്ടുവീട്ടിൽ | അംഗം | 9249337203 | ചെയർപേഴ്സൺ, വിദ്യാഭ്യാസം |
| 9 | അനിൽ കുമാർ | അംഗം | 9746511555 | കൗൺസിലർ |
| 10 | ജോയ് ജോൺ | അംഗം | 9447166205 | റിട്ട. ഡെപ്യൂട്ടി കളക്ടർ |
| 11 | അബൂബക്കർ മന്നയിൽ | അംഗം | 9645618098 | സാമൂഹ്യപ്രവർത്തകൻ |
| 12 | ഫെബിൻ കളപ്പാടൻ | അംഗം | 9895302198 | അദ്ധ്യാപകൻ |
| 13 | സമീർ കപ്പൂർ | അംഗം | 6282925375 | സാമൂഹ്യപ്രവർത്തകൻ |
| 14 | അബ്ദുൽ ഖാദർ പി | അംഗം | 9895032324 | സാമൂഹ്യപ്രവർത്തകൻ |
| 15 | കെ സുധീർ | കൺവീനർ | 9447632308 | നഗരസഭ സെക്രട്ടറി |